**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4087

**16.12.2014**- ൽ മറുപടിക്ക്

## ജീവചരിത്രം വാങ്ങണമെന്നുള്ള സഹകരണ വകുപ്പിന്റെ സർക്കുലർ

**ചോദ്യം**

**ശ്രീ. സി.പി.മുഹമ്മദ് :**

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പനമ്പിള്ളി ഗോവിന്ദമേനോൻ ചരിത്രവഴിയിലെ ദീപശിഖ എന്ന ജീവചരിത്രം വാങ്ങണമെന്നുള്ള സഹകരണ വകുപ്പ് പുറപ്പെടുവിച്ച 2/2012-ാം നമ്പർ സർക്കുലർ സംസ്ഥാനത്തെ എത്ര അപ്പെക്സ്, ജില്ലാ, പ്രൈമറി സഹകരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം നൽകാമോ;

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി)

(എ) സഹകരണ വകുപ്പിൽ 2/2012 നമ്പർ സർക്കുലർ നിർദ്ദേശം നടപ്പാക്കിയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | അപ്പക്സ് | ജില്ലാതലം | പ്രാഥമിക സംഘങ്ങൾ |
|---|---|---|---|
| തിരുവനന്തപുരം | 1 | - | 1 |
| കൊല്ലം | - | - | 22 |
| പത്തനംതിട്ട | - | - | - |
| ആലപ്പുഴ | - | 1 | 12 |
| കോട്ടയം | - | - | 1 |
| ഇടുക്കി | - | - | - |
| എറണാകുളം | 2 | - | 1 |
| തൃശ്ശൂർ | - | 1 | 4 |
| പാലക്കാട് | - | - | - |
| മലപ്പുറം | - | 1 | 4 |
| കോഴിക്കോട് | - | - | - |
| വയനാട് | - | - | - |
| കണ്ണൂർ | - | - | - |
| കാസർഗോഡ് | - | - | - |

| | |
|---|---|
| (ബി) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച നിർദ്ദേശം സഹകരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ വകുപ്പ് ഉദ്യോഗസ്ഥന്മാർ ശ്രദ്ധിക്കാത്തതിന്റെ കാരണത്തെക്കുറിച്ച് അന്വേഷിക്കാമോ; അടിയന്തരമായി പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ ജോയിന്റ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകാമോ? | (ബി) ടി സർക്കുലർ നിർദ്ദേശം നടപ്പാക്കുന്നതിന് എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും, അപ്പക്സ് സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുകയും ജോയിന്റ് രജിസ്ട്രാർമാർ ബന്ധപ്പെട്ട സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പുസ്തകങ്ങൾ വാങ്ങിക്കുന്നതിന് സംഘങ്ങളെ നിർബന്ധിക്കാൻ പ്രായോഗികമായി കഴിയില്ല. ചില ജില്ലകളിൽ പുസ്തകം ലഭ്യമല്ലെന്നും അറിയിച്ചിട്ടുണ്ട്. സഹകരണ ലൈബ്രറി പ്രവർത്തിക്കുന്ന എല്ലാ സഹകരണ സംഘങ്ങളും ഈ പുസ്തകം വാങ്ങുന്നതിന് വീണ്ടും നിർദ്ദേശം നൽകുന്നതോടൊപ്പം, ആവശ്യമായ പുസ്തകങ്ങൾ നാഷണൽ ബുക്ക്സ്റ്റാൾ മുഖേന ലഭ്യമാക്കി സംഘങ്ങൾക്ക് നൽകാനും നിർദ്ദേശിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**